കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പള്ളിക്കര ഗ്രാമപഞ്ചായത്ത്

# 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ.കെ.എസ്.ഡി .8/1234/2016 കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്,

ജില്ലാ ഓഡിറ്റ്

കാര്യാലയം,

കാസറഗോഡ് ജില്ല

തീയതി .13.12.2016.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പള്ളിക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി

ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എസ്.ഡി-8/1234/2016

തിയ്യതി:13.12.2016.

<u>കാസറഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ</u>

<u>ധനകാര്യപത്രികയിന്മേലുള്ള</u>

ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കാസറഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31-03-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് 2016 മാർച്ച് മാസത്തിൽ നടത്തിയ പണം പിൻവലിക്കൽ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ടഉദ്യോഗസ്ഥൻ | ശ്രീ. രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 09.11.2016 മുതൽ 16.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | സത്യാനന്ദൻ.സി.വി | ഓഡിറ്റ് ഓഫീസർ |
| | വിനോദ് കുമാർ.സി | അസി. ഓഡിറ്റ് ഓഫീസർ |
| | തോമസ്.കെ | അസി. ഓഡിറ്റ് ഓഫീസർ |
| | സുനിൽ കുമാർ. എം | സീനി. ഗ്രേഡ് ഓഡിറ്റർ |
| | സുധീഷ്.എൻ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കുന്നൂച്ചി കുഞ്ഞിരാമൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി.പി.ഇന്ദിര | 07.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. ബി. വിജയഭാനു | 01.04.2015 മുതൽ 31.03.2016 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി.ചഞ്ചലകുമാരി.പി. | 01.04.2015മുതൽ 19.08.2015 വരെ |
| | ശ്രീ.സുരേഷ് പി. | 20.11.2015മുതൽ 31.03.2016 വരെ |
| അസി.എഞ്ചിനിയർ | ശ്രീ.കെ.പി.രാജൻ | 01.04.2015മുതൽ 30.05.2015 വരെ |
| | ശ്രീമതി. രമ്യ. ടി.വി | 01.06.2015മുതൽ 31.12.2015 വരെ |
| | ശ്രീ.വൈശാഖ്. ബി | 01.01.2016മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | വേണുഗോപാലൻ.കെ | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശൈലജ.പി.പി | 01.04.2015മുതൽ 31.12.2015 വരെ |
| | ശ്രീമതി.ജാനകി. പി | 01.01.2016മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ.എ.കെ.രാജേന്ദ്രൻ | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീശങ്കരൻ നമ്പൂതിരി. പി | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.സ്മിത .ആർ.പിള്ള | 01.04.2015മുതൽ 10.11.2015 വരെ |
| | ഡോ. വിശ്വം ചക്രപാണി | 11.11.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയ്യൂർവേദം | ഡോ.കെ.വിശ്വനാഥ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സുലേഖ.വി | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.രമ്യ രവീന്ദ്രൻ | 01.04.2015മുതൽ 26.04.2015 വരെ |
| | ഡോ. സുബിൻ മുഹമ്മദ് | 27.04.2015മുതൽ 13.05.2015 വരെ |
| | ഡോ. ഷീബ. ബി.വി | 14.05.2015മുതൽ 19.06.2015 വരെ |
| | ഡോ. ചന്ദ്രമോഹൻ | 20.06.2015മുതൽ 03.11.2015 വരെ |

| | | |
|---|---|---|
| | ഡോ.ശ്രീജിത്ത് കൃഷ്ണൻ | 04.11.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് -പഞ്ചായത്തിന് ഭീമമായ വരുമാന നഷ്ടം | 2-1 |
| 13 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പഞ്ചായത്തിന് വരുമാന നഷ്ടം | 2-2 |
| 14 | നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം | 2-3 |
| 15 | കെട്ടിടനിർമ്മാണ പെർമ്മിറ്റുമായി ബന്ധപ്പെട്ട അപാകതകൾ | 2-4 |
| 16 | ഇ. ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 2-5 |
| 17 | രശീതി പരിശോധന – പൊതു അപാകതകൾ | 2-6 |
| 18 | ഡി.&ഒ. ലൈസൻസ് അപാകതകൾ | 2-7 |

| | | |
|---|---|---|
| 19 | തൊഴിൽ നികുതി അപാകതകൾ | 2-8 |
| | ഭാഗം 3 | |
| 20 | മുൻകൂർ യാത്രാബത്ത കൈപ്പറ്റിയത് -നാളിതുവരെ ക്രമീകരിച്ചില്ല | 3-1 |
| 21 | ശാരീരിക-മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ജില്ലാപഞ്ചായത്ത് വിഹി തം ലഭ്യമായത് നാളിതുവരെ ചെലവഴിച്ചിട്ടില്ല | 3-2 |
| 22 | എസ്.എസ്.എ വിഹിതം -നൽകിയ തുകയുടെ വിനിയോഗം ഭാഗികം | 3-3 |
| 23 | തെങ്ങ് കൃഷി വികസന പദ്ധതി -അധികം സബ്സിഡി അനുവദിച്ചു | 3-4 |
| 24 | കൃഷി വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ പദ്ധതി – മുഴുവൻ തുകയ്ക്കുള്ള പുസ്തകങ്ങൾ വാങ്ങിയിട്ടില്ല-ചെലവഴിക്കാനവശേഷിക്കുന്ന തുക തിരികെ ഒടുക്കി | 3-5 |
| 25 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 3-6 |
| 26 | അങ്കണവാടി അടിസ്ഥാന സൗകര്യവികസനം അപര്യാപ്തതകൾ സംബന്ധിച്ച്. | 3-7 |
| 27 | പാലിയേറ്റീവ് പരിചരണ പദ്ധതി അവലോകനം | 3-8 |
| 28 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-9 |
| | ഭാഗം 4 | |
| 29 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 21.03.2015 ലെ ഭരണസമിതി തീരുമാനം നമ്പർ 29/15(1) പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 75,00,550 |
| വരവ് | 16,88,72,800 |
| ആകെ | 17,63,73,350 |
| ചെലവ് | 17,53,31,500 |
| നീക്കിയിരിപ്പ് | 10,41,850 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 31.07.2016 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2015-16 | 14 -11-2016 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു .

1)ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

2)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും, പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-2016 |
|---|---|
| മുന്നിരിപ്പ് | 2,63,31,164 |
| വരവ് | 6,53,61,677 |
| ആകെ | 9,16,92,841 |
| ചെലവ് | 6,79,80,609 |
| നീക്കിയിരിപ്പ് | 2,37,12,232 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 29,26,398 | 99,69,703 | 40,93,516 | 1,69,89,617 | 1,69,89,617 | 0 |
| വികസനഫണ്ട് എസ്.സി.പി. | 6,16,150 | 15,72,049 | (-)6,16,150 | 15,72,049 | 15,72,049 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 13,000 | 0 | 13,000 | 13,000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 33,215 | 53,66,485 | 0 | 53,99,700 | 53,99,700 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3,71,098 | 35,77,373 | 0 | 39,48,471 | 39,48,471 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3,67,748 | 1,04,34,892 | -34,53,451 | 73,49,189 | 73,49,189 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 23,915 | 23,915 | -23915 | 23,915 | 23,915 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ.ഇ. ജി.എസ്. | 0 | 1,67,50,375 | 1,67,50,375 | 1,67,38,225 | 1,69,03,040 | 12,150 |
| ബി ഫണ്ട് | 0 | 4,00,84,680 | 0 | 4,00,84,680 | 4,00,84,680 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 153 | 126 | 5 | 22 | 82.35 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖപ്രകാരം2014-15 വർത്തിൽനടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2014-15 വർത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 20 | 51,12,822 | 16 | 40,85,782 | 79.91 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 11 | 23,36,500 | 9 | 12,28,179 | 52.56 |
| 3 | അസിസ്റ്റന്റ് എൻജിനിയർ. | 79 | 2,97,60,247 | 69 | 2,34,91,532 | 78.94 |
| 4 | കൃഷി ഓഫീസർ. | 7 | 81,86,420 | 7 | 52,24,254 | 63.82 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 9 | 2,18,34,000 | 8 | 1,17,43,000 | 53.78 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 7 | 43,89,758 | 4 | 33,94,872 | 77.34 |
| 7 | വെറ്റിനറി സർജ്ജൻ | 5 | 19,64,650 | 5 | 17,18,675 | 87.48 |
| 8 | മെഡിക്കൽ ഓഫീസർ, -പി.എച്ച്.സി. | 1 | 5,61,000 | 1 | 4,57,700 | 81.59 |
| 9 | മെഡിക്കൽ ഓഫീസർ, - ആയുർവ്വേദം. | 2 | 6,00,000 | 2 | 6,00,000 | 100 |
| 10 | മെഡിക്കൽ ഓഫീസർ, ഹോമിയോപ്പതി | 1 | 1,50,000 | 1 | 1,50,000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 11 | പ്രധാനാധ്യാപകൻ. | 11 | 30,41,300 | 9 | 25,61,477 | 84.22 |
| | ആകെ | 153 | 7,79,36,697 | 131 | 5,46,55,471 | 70.13 |

ഗ്രാമ പഞ്ചായത്ത് തൻ വർഷം നടപ്പാക്കിയ ഇ.എം.എസ്. ഭവന പദ്ധതി (ജനറൽ)പ്രകാരം 74 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. സർക്കാർ കത്ത് നം 11598/ഡി.ബി.ഐ/15/ തസ്വഭവ തീയതി 29.07.2015 പ്രകാരം പനയാൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 1.5 കോടി രൂപ ഭവന പദ്ധതിക്കായി വായ്പ എടുക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ 08.03.2015 ന് ഗ്രാമ പഞ്ചായത്ത് പനയാൽ സർവ്വീസ് സഹകരണ ബാങ്കുമായി 1.5 കോടി രൂപ 11% നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി ഉടമ്പടിവെച്ചു. 2015-16 വർത്തിൽ 81 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായമായി നൽകിയിട്ടുണ്ട്.

കാർഷിക മേഖലയിൽ ഗ്രാമ പഞ്ചായത്ത് തൻ വർഷം നടപ്പാക്കിയ പ്രധാന പദ്ധതികളാണ് തെങ്ങ് കൃഷി വികസന പദ്ധതിയും കവുങ്ങ് കൃഷിക്ക് ജൈവ വളം എന്ന പദ്ധതിയും. ഈ പ്രൊജക്ടുകൾ പ്രകാരം 42,65,507/-രൂപയുടെ ജൈവ വളങ്ങൾ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2.98 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 59,00,515 | 59,23,709 | (+)23,194 | (+)0.39 |
| നികുതിയേതര വരവുകൾ | 10,56,631 | 11,14,013 | (+)57,382 | (+)8.27 |
| മറ്റു വരവുകൾ | 3,86,574 | 5,24,489 | (+)1,37,915 | (+)35.68 |
| ആകെ | 73,43,720 | 75,62,211 | (+)2,06,198 | (+)2.98 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,48,800 | 92 |
| കർഷകതൊഴിലാളി പെൻഷൻ | 39,85,140 | 523 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 1,82,91,640 | 1888 |
| വാർദ്ധക്യകാല പെൻഷൻ | 1,12,99,920 | 1495 |
| വികലാംഗ പെൻഷൻ | 45,56,940 | 540 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 8,07,240 | 91 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.11.2016 ന് (10.05am) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50,204/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസ്സിലെ മുഴുവൻ റഗുലർ ജീവനക്കാരും സർക്കാർ ജീവനക്കാർ എന്ന നിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പംതന്നെ തെരെഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏല്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവ്വഹിക്കേണ്ടതുമാണ്. ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വിശദീകരിച്ചുകൊണ്ടുള്ള ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് ഉത്തരവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

2).മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം ഓരോ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ രജിസ്റ്ററിലെയും ആദ്യ കടലാസിൽ (fly leaf)സെക്ഷൻ സൂപ്രണ്ടിന്റെയും രജിസ്റ്റർ സൂക്ഷിയ്ക്കുന്ന ക്ലർക്കിന്റെയും പേര് എഴുതി ചേർത്തിരിയ്ക്കേണ്ടതുമാണ്. ഖണ്ഡിക 150പ്രകാരം സൂപ്രണ്ടുമാർ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കേണ്ടതിന്റെ ഒരു ഷെഡ്യൂൾ ഓഫീസ് മേധാവി തയ്യാറാക്കുകയും അതനുസരിച്ച് പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിക്കേണ്ടതുമാണ്. ഓരോ പേഴ്സണൽ രജിസ്റ്ററിനോടൊപ്പവും ഒരു കലണ്ടർ വർഷം നീളുന്ന ഒരു തുടർ കുറിപ്പ് ഫയൽ (Running note file) സൂക്ഷിക്കേണ്ടതുമാണ്. പള്ളിക്കര ഗ്രാമപഞ്ചായത്തിൽ തുടർ കുറിപ്പ് ഫയൽ സൂക്ഷിച്ചിട്ടില്ല.

3) പ്രതിമാസം ജീവനക്കാരുടെ യോഗം നടക്കാറില്ല. നടപ്പ് സാമ്പത്തികവർഷത്തിൽ ആകെ രണ്ട് സ്റ്റാഫ് മീറ്റിങ്ങുകളാണ് നടന്നത്. അതിൽ തന്നെ ചർച്ചകളോ തീരുമാനങ്ങളോ എടുത്തതായി മിനുട്സിൽ രേഖപ്പെടുത്തലുകളില്ല.

4) 03-07-2009ലെ 74217/ആർ.സി.3/08/ത.സ്വ.ഭ.വ.നമ്പർ സർക്കുലറിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അടങ്ങിയ ഇൻകുംമ്പൻസി രജിസ്റ്റർ സൂക്ഷിയ്ക്കണമെന്നും സ്ഥലംമാറ്റം സംബന്ധിച്ചുള്ള വിവരം രേഖപ്പെടുത്തണമെന്നും സ്ഥലം മാറുന്ന ഉദ്യോഗസ്ഥൻ നിർവഹണം നടത്തുന്ന പ്രവർത്തികളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണമെന്നും ഫയലുകൾ,രജിസ്റ്ററുകൾ തുടങ്ങിയവ രേഖാ മൂലം കൈമാറണം എന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഇൻകുംമ്പൻസി രജിസ്റ്റർ അപൂർണ്ണമാണ്.പല ജീവനക്കാരുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും സ്ഥിരം മേൽവിലാസം, ഓഡിറ്റ് സമയത്ത് ജോലി ചെയ്യുന്ന ഓഫീസ് മേൽവിലാസം എന്നിവ ഇതിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

5)ഫ്രണ്ട് ഓഫീസ് സംവിധാനം വളരെ കാര്യക്ഷമമായി നടക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതിറിപ്പോർട്ട് ലഭിച്ചിട്ടില്ല. |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2016 | 30.09.2016 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമല്ല | 31.03.2006 വരെ | വിവരം ലഭ്യമല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഈടാക്കിയതിൽ കുറവ് - പഞ്ചായത്തിന് ഭീമമായ വരുമാന നഷ്ടം

പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ കീക്കാൻ വില്ലേജിൽ BRDC യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ലീസ് വ്യവസ്ഥയിൽ ശ്രീ. പി. കെ. നജീബ്, ഡയറക്ടർ, Green Gateway Limited, തിരുവനന്തപുരം എന്നയാൾ 19756.86m2 റിസോർട്ട് കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ട് എന്ന് 01.09.2015 ലെ കംപ്ലീഷൻ പ്ലാൻ പ്രകാരം (ലെറ്റർ 460/BEKAL-98/GEEL/2016 തീ. 01.09.2015) ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ റിസോർട്ടിൽ ഉൾപ്പെട്ട താഴെ വിവരിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചപ്പോൾ 2015-16 ന്റെ രണ്ടാം അർദ്ധവർഷത്തെ

വസ്തു നികുതി അടവാക്കിയതായി കാണുന്നില്ല. 2016-17 ലെ ഒന്നാം അർദ്ധവർഷം 9,23,748/- രൂപ (രസീത് നം.20051/10-16 തീ, 16.04.16) അടവാക്കിയിട്ടുണ്ട്. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203(15) പ്രകാരം ഒരു കെട്ടിടത്തിന് നിശ്ചയിച്ച വസ്തു നികുതി ഒറ്റത്തവണയായോ രണ്ട് അർദ്ധ വർഷങ്ങളിലായോ അടവാക്കേണ്ടതാണ്. ആയതിൻ പ്രകാരം 01.09.2015ന് കംപ്ലീഷൻ ആയ പ്രസ്തുത കെട്ടിടങ്ങളുടെ 2015-16 വർഷത്തെ വസ്തു നികുതിയുടെ രണ്ടാം അർദ്ധവർഷത്തേക്കുള്ള നികുതിയും അടവാക്കേണ്ടതായിരുന്നു. കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നം | കെട്ടിടത്തിന്റെ അളവ് | നിശ്ചയിച്ച നികുതി | ഗ്രന്ഥശാല വരി | ആകെ നികുതി |
|---|---|---|---|---|
| XVI /247 T | 329.68m2 | 30,331 | 1517 | 31,848 |
| XVI /247U | 329.68m2 | 30,331 | 1517 | 31,848 |
| XVI /247V | 329.68m2 | 30,331 | 1517 | 31,848 |
| XVI /247W | 329.68m2 | 30,331 | 1517 | 31,848 |
| XVI /247X | 329.68m2 | 30,331 | 1517 | 31,848 |
| XVI /247Y | 329.68m2 | 30,331 | 1517 | 31,848 |
| XVI /247Z | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A1 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A2 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A3 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A4 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A5 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A6 | 1060.23 m2 | 97,542 | 4878 | 1,02,420 |
| XVI /247G1 | 738.15 m2 | 67,910 | 3396 | 71,306 |
| XVI /247H1 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H2 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H3 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H4 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H5 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H6 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H7 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H8 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H9 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H10 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H11 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H12 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H13 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H14 | 158.52 m2 | 12,682 | 635 | 13,317 |

| | | | | |
|---|---|---|---|---|
| XVI /247H15 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H16 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H17 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H18 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247H19 | 158.52 m2 | 12,682 | 635 | 13,317 |
| XVI /247 I 1 | 505.88 m2 | 46,541 | 2328 | 48,869 |
| XVI /247 I 2 | 505.88 m2 | 46,541 | 2328 | 48,869 |
| XVI /247 I 3 | 505.88 m2 | 46,541 | 2328 | 48,869 |
| XVI /247 I 4 | 505.88 m2 | 46,541 | 2328 | 48,869 |
| XVI /247 I 5 | 505.88 m2 | 46,541 | 2328 | 48,869 |
| XVI /247K1 | 322.71 m2 | 29,690 | 1485 | 31,175 |
| XVI /247K2 | 322.71 m2 | 29,690 | 1485 | 31,175 |
| XVI /247K3 | 322.71 m2 | 29,690 | 1485 | 31,175 |
| XVI /247K4 | 322.71 m2 | 29,690 | 1485 | 31,175 |
| XVI /247K5 | 322.71 m2 | 29,690 | 1485 | 31,175 |
| XVI /247K6 | 322.71 m2 | 29,690 | 1485 | 31,175 |
| XVI /247L1 | 1228.36 m2 | 1,13,010 | 5651 | 1,18,661 |
| XVI /247M1 | 2289.13m2 | 1,92,287 | 965 | 2,01,902 |
| XVI /247N1 | 2548.74m2 | 2,34,485 | 11725 | 2,46,210 |
| XVI /247 O 1 | 534.38m2 | 38,476 | 1924 | 40,400 |
| | ആകെ | | | 18,47,493 |

മുകളിൽ വിവരിച്ച പ്രകാരം കെട്ടിടത്തിന്റെ ഒരു വർഷത്തെ വസ്തു നികുതി ഇനത്തിൽ ആകെ പിരിച്ചെടുക്കേണ്ടത് 18,47,493/- രൂപയാണ്, ഇതിൽ 2015-16 വർഷത്തിൽ രണ്ടാം അർദ്ധ വർഷത്തെ വസ്തു നികുതി ഈടാക്കാതെ 2016-17 ഒന്നാം അർദ്ധ വർഷത്തെ നികുതി മാത്രം ഈടാക്കിയതു കാരണം ഗ്രാമ പഞ്ചായത്തിന് വസ്തു നികുതി, ഗ്രന്ഥശാല വരി എന്നീയിനങ്ങളിലായി 9,23,747/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.3.തി.16.11.16) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ മറിപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് വസ്തു നികുതി, ഗ്രന്ഥശാല വരി എന്നീയിനങ്ങളിലായി ഉണ്ടായ നഷ്ടം 9,23,747/- രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി നിർണ്ണയത്തിലെ അപാകത പഞ്ചായത്തിനു വരുമാന നഷ്ടം

ഓഡിറ്റ് വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വസ്തു നികുതി നിർണ്ണയത്തിൽ പല അപാകതകളും കാണുകയുണ്ടായി. വിശദവിവരം താഴെ കൊടുക്കുന്നു.

1)കെട്ടിടത്തിന് തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിച്ചിട്ടില്ല.

14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ (അ) നമ്പർ 20/2011/ത.സ്വ.ഭ.വ എന്ന വിജ്ഞാപന പ്രകാരം നിലവിൽ വന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി

നിർണ്ണയിച്ച് നമ്പർ എ2-9945/11 തീയ്യതി 30.12.2011 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 50 രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള, മുകളിൽ പ്രതിപാദിച്ച കെട്ടിടങ്ങൾക്ക് 30 രൂപയുമാണ് നിരക്ക്. എന്നാൽ താഴെ വിവരിക്കുന്ന കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുകയുണ്ടായി.

ഉടമസ്ഥന്റെ പേര് -- സുഹറ & നാദിയ

കെട്ടിട നമ്പർ -- Ward No 18, 110/A, 110/E

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)- FF-124,08, Completion dt-07.08.2015

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| F.F- 124.08 M2 | 30 X 115.2= 3456 | 20%= 691 | 5%= 207 | 3940+LC | 50X 124.08= 6204 | 20%= 1241 | 5%= 372 | 7073+ LC | 3,133+LC |
| ആകെ | | | | | | | | | 3133+17 = 3,290 |

ഈ കെട്ടിടത്തിന്റെ തറ നിലയ്ക്ക് മുൻ വർഷങ്ങളിൽ തന്നെ വസ്തു നികുതി നിർണ്ണയം നടത്തിയതാണ്. ഒന്നാം നിലയ്ക്കാണ് ഇപ്പോൾ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. Plinth വിസ്തീർണ്ണത്തിനു തുല്യമായി വസ്തു നികുതി കണക്കാക്കിയിട്ടുമില്ല, ആയത് വിശദീകരിക്കുന്നതിനുവേണ്ടി ഓഡിറ്റ് എൻക്വയറി നം.29/16.11.2016 ആവശ്യപ്പെട്ടിരുന്നു, ആയതിന് നല്കിയ മറുപടിയിൽ നഷ്ടതുക റസീത് നം-32292/42 തീ 16.11.2016 പ്രകാരം ഈടാക്കിയിട്ടുണ്ടെന്നും നികുതി പുതുക്കി ക്രമീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2)റിസോർട്ടുകൾക്ക് വാണിജ്യാവശ്യത്തിനുള്ള വസ്തു നികുതി ഈടാക്കി- പഞ്ചായത്തിന് നഷ്ടം

ഉടമസ്ഥന്റെ പേര് -- കെട്ടിട നമ്പർ -- MD, KTDC HOTELS & RESORTS Ltd, Ward No 22, 207 L

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-GF-69.09, Completion dt-11.07.2015

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| G.F- 69.09 | 30X69.09 = 2073 | 30%= 622 | -- | 2695 +LC | 80X69.09 = 5527 | 30%= 1658 | -- | 7185+ LC | 4,490+LC |
| ആകെ | | | | | | | | | 4,490+225= 4,715 |

11.07.2015 -മുതലാണ് വസ്തുനികുതി അസ്സസ്സ്മെന്റ് ചെയ്തിട്ടുള്ളത്, ആയത്കൊണ്ട് ഓഡിറ്റ് വർഷം മുതലാണ് നികുതി അടക്കേണ്ടത് . ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് നമ്പർ എ 2-9945/11 തീയ്യതി 30.12.2011 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം റിസോർട്ടുകളുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 80 രൂപയാണ്.എന്നാൽ ഇവിടെ റിസോർട്ടിന്റെ ഭാഗമായ ഈ കെട്ടിടത്തിനെ 100 ചതുരശ്ര മീറ്ററിന് താഴെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ പരിധിയിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. വസ്തു നികുതിയിനത്തിൽ കുറവു വന്ന 4,715 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.29/16.11.2016)

## 2-3 നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷക്കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ ഒമ്പത് വർഷക്കാലയളവിനപ്പുറം പെർമിറ്റ് നീട്ടുകയോ പുതുക്കുകയോ ചെയ്യുവാൻ ചട്ടങ്ങളിലെ X-A അദ്ധ്യായ പ്രകാരം കമ്മിറ്റിയുടെ രൂപീകൃതമായ ശുപാർശ കൂടി ആവശ്യമാണ്. പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല . 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് സാധുവായ പെർമിറ്റില്ലാതെ ഭൂവികസനം, കെട്ടിട നിർമാണം തുടങ്ങിയ പ്രവൃത്തികൾ നടത്താവുന്നതല്ല. സമയാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച കാരണം കെട്ടിടങ്ങൾ ക്രമവത്കരണം നടത്തേണ്ടുന്ന പക്ഷം ആയിനത്തിലും, FAR നുള്ള അധിക ഫീസ്, അധിക പെർമിറ്റ് ഫീസ് തുടങ്ങിയ ഇനങ്ങളിലും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാനിടയുണ്ട്.

## 2-4 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ.

ഗ്രാമ പഞ്ചായത്തിൽ കെട്ടിട നിർമ്മാണപെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പൂർണ്ണമായി പൂരിപ്പിക്കുന്നില്ല.

ഓഡിറ്റ് കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിൽ പൂർത്തീകരണ തിയ്യതി (Date of Completion),അസ്സസ്സ്മെന്റ് നമ്പർ (Assesment no), വസ്തു നികുതി (Property Tax) എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2) പെർമിറ്റിനുള്ള അപേക്ഷയിൻമേൽ ചട്ടപ്രകാരമുള്ള സമയ പരിധിക്കകം തീർപ്പ് കല്പിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം, കെട്ടിട നിർമ്മാണം/മാറ്റം വരുത്തൽ/കൂട്ടിച്ചേർക്കൽ എന്നിവയ്ക്കായുള്ള അപേക്ഷ ലഭിച്ചതുമുതൽ 30 ദിവസത്തിനകം സൈറ്റുകളുടെയും പ്ലാനുകളുടെയും അംഗീകാരം/ നിരസിക്കൽ രേഖാമൂലം സെക്രട്ടറി അപേക്ഷകന് നല്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് റജിസ്റ്റർ പരിശോധിച്ചതിൽ മേൽ ചേർത്ത സമയ പരിധിപാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടു.

3)വയൽ കമ്മറ്റി (നിലം കമ്മിറ്റി) പ്രവർത്തനം- വിശദവിവരം ലഭ്യമല്ല.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമംബാധകമാക്കുന്നതിനു മുമ്പ് റവന്യൂരേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ 300 ച.മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്നതിനായി റവന്യൂ,കൃഷി വകുപ്പധികൃതർ ഉൾപ്പെട്ട വയൽകമ്മിറ്റി രൂപീകരിക്കേണ്ടതും ടി കമ്മിറ്റിയുടെ ശുപാർശയിൻമേൽ നിർമ്മാണാനുമതി നല്കാവുന്നതുമാണ്. (31.07.2008 ലെ 45846/RAI/08/LSGD, 23.09.2008 ലെ 59655/RAI /08/LSGD സർക്കുലറുകൾ പ്രകാരം)സർക്കുലർ പ്രകാരം കമ്മിറ്റി ഓരോമാസവും യോഗം ചേരേണ്ടതുമാണ്. എന്നാൽ വയൽ കമ്മിറ്റിയുടെ, മിനട്സ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കമ്മിറ്റി രൂപീകരിച്ചത് മുതലുള്ള മിനട്സ് ലഭ്യമാക്കാത്തത് കാരണം കമ്മിറ്റിയുടെ ശുപാർശ പ്രകാരം മുൻവർഷങ്ങളിൽ അനുമതി നല്കിയ/നിരസിച്ച കെട്ടിട നിർമ്മാണ അപേക്ഷകളുടെ വിശദവിവരം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-5 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില, വാറ്റ് തുടങ്ങിയ ഇനങ്ങളിലൂടെ ലഭിക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2015-16 വർഷം ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 38 പൊതു മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില (വാറ്റ് ഉൾപ്പെടെ) 1,66,745/- രൂപയുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കി വാറ്റ് ഇനത്തിൽ ഒടുക്കേണ്ട തുക സർക്കാരിൽ ഒടുക്കേണ്ടതാണ്.

## 2-6 രശീതി പരിശോധന - പൊതു അപാകതകൾ

രശീതി പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I. രശീത് ബുക്ക്/സാംഖ്യ സ്റ്റേഷനറി ലഭ്യമാക്കുന്നതിനായി കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് താഴെക്കൊടുക്കും വിധം ചെക്ക് നൽകിയിട്ടുണ്ടെങ്കിലും ആയതിന് തുല്യമായ രശീത് ബുക്ക് / സാംഖ്യ സ്റ്റേഷനറികൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ തുകയുടെ വിവരം | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ രശീതിയുടെ വിവരം | കുറവ് | ലഭ്യമാക്കിയ രശീത് ബുക്ക് / സാംഖ്യ സ്റ്റേഷനറിയുടെ വിവരം |
|---|---|---|---|
| ₹ 6,100/-<br>(ചെക്ക് നം.209470 തീ.04.02.2015) | ₹1,525/-<br>(റ.നം.47/16.02.2015)<br>₹3,050/-<br>(റ.നം.72/07.04.2015)<br>4,575/- | ₹ 1,525 | ബുക്ക് നം.5738-5762 & ബുക്ക് നം.20028-20077 |
| ₹ 4,180/-<br>(ചെക്ക് നം. 766818 തീ.25.08.2016) | ₹2,090/-<br>(റ.നം.49/29.08.2016) | ₹ 2,090 | ബുക്ക് നം.32288-32312 |
| | ആകെ കുറവ് | ₹3,615/- | |

മേൽ വിശദാംശ പ്രകാരം കുറവ് വന്ന 3,615/- രൂപയ്ക്ക് തുല്യമായി ലഭിച്ച രശീതികളുടെ വിവരമോ പ്രസ്തുത തുക ക്രമപ്പെടുത്തിയതിന്റെ വിശദാംശങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

II. 31.03.2016 ഫ്രണ്ട് ഓഫീസ് കലക്ഷൻ ₹ 2,75,824/- രൂപയാണ്(ചെക്ക് ഒഴികെ). എന്നാൽ 02.04.2016 ൽ ബാങ്കിൽ അടവാക്കിയത് ₹ 2,75,764/ രൂപയാണ്. ₹ 60 രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.

III. രശീതി ബുക്കിലെ റദ്ദാക്കിയ താളുകളെല്ലാം സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ

താഴെക്കൊടുക്കുന്നു.

| രശീതി നം. | തീയ്യതി | ഇനം |
|---|---|---|
| 9913/85 | 16.02.2016 | കെട്ടിട നികുതി |
| 9924/25 | 28.01.2016 | കെട്ടിട നികുതി |
| 9925/02 | രേഖപ്പെടുത്തിയിട്ടില്ല | കെട്ടിട നികുതി |
| 5761/65 | 10.04.2015 | കെട്ടിട നികുതി |
| 9916/46 | രേഖപ്പെടുത്തിയിട്ടില്ല | ഉടമസ്ഥാവകാശ കൈമാറ്റം |
| 11503100636 | 02.05.2015 | ജനന സർട്ടിഫിക്കറ്റ് |
| 11503102326 | 30.06.2015 | വിവാഹ സർട്ടിഫിക്കേറ്റ് |
| 11503104629 | 16.10.2015 | തൊഴിൽ നികുതി |

ഭാവിയിൽ റദ്ധാക്കുന്ന താളുകൾ എല്ലാം സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതും റദ്ധാക്കലിന്റെ കാരണം പ്രസ്തുത താളിൽ കുറിച്ചു വയ്ക്കാനും ശ്രദ്ധിക്കേണ്ടതാണ്.

IV. നികുതി പിരിവിനായി വിതരണം ചെയ്യുന്ന ചില രശീതി ബുക്കിൽ സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്താത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| രശീതി നം. | വിതരണം ചെയ്ത തീയ്യതി |
|---|---|
| 9932 | 19.02.2016 |
| 9935 | 24.02.2016 |
| 20034 | 10.03.2016 |
| 9916 | 21.04.2015 |
| 9918 | 02.07.2015 |

ഭാവിയിൽ വിതരണം ചെയ്യുന്ന എല്ലാ രശീതി ബുക്കുകളിലും സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടുണ്ട് എന്ന കാര്യം ഉറപ്പ് വരുത്തേണ്ടതാണ്.

V. ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതെ നികുതി പിരിവ് നടത്തിയ ചില രശീതികളുടെ വിവരം താഴെക്കൊടുക്കുന്നു.

| രശീതി നം & തീയ്യതി | തുക | ഇനം | കുറിപ്പ് |
|---|---|---|---|
| 9928/49 തീ.18.02.2016 | 36 | വസ്തു നികുതി | മുസ്തഫ,ക്ലർക്കിനു നികുതി പിരിവിനായി നൽകിയത് |
| 9918/07 തീ.03.07.2015 | 28 | വസ്തു നികുതി | ഓഫീസ് ആവശ്യത്തിനായി വിതരണം ചെയ്ത പ്രസ്തുത രശീതി ബുക്കിന് സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ടും രേഖപ്പെടുത്തിയിട്ടില്ല |
| 9918/08 തീ.03.07.2015 | 199 | വസ്തു നികുതി | |
| 9918/09 തീ.03.07.2015 | 219 | വസ്തു നികുതി | |
| 9918/10 തീ.03.07.2015 | 199 | വസ്തു നികുതി | |
| 9918/11 തീ.03.07.2015 | 16 | വസ്തു നികുതി | |
| 9918/12 | 521 | വസ്തു നികുതി | |

| | | | |
|---|---|---|---|
| തീ.03.07.2015 | | | |
| 9918/13 തീ.03.07.2015 | 1150 | ഡി&ഒലൈസൻസ്, തൊഴിൽ നികുതി | |
| 9918/14 തീ.03.07.2015 | 400 | കെട്ടിട പെർമിറ്റ് | |
| 9918/16 തീ.03.07.2015 | 60 | റഗുലറൈസേഷൻ ഫീ | |

ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാത്തതിനാൽ നികുതിദായകന് നൽകിയ പകർപ്പിൽ രേഖപ്പെടുത്തിയ തുക എത്രയാണെന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. ഭാവിയിൽ മേൽ വിഷയം അർഹിക്കുന്ന ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്.

VI. സാംഖ്യ സ്റ്റേഷനറി സ്റ്റോക്കിലെടുക്കുന്നില്ല.

നികുതി പിരിവാവശ്യത്തിനായി ലഭ്യമാക്കുന്ന സാംഖ്യ സ്റ്റേഷനറി സ്റ്റേക്കിലെടുക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാവിയിൽ സാംഖ്യ സ്റ്റേഷനറി ലഭിച്ചതിന്റേയും വിതരണം ചെയ്തതിന്റേയും വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

## 2-7 ഡി & ഒ ലൈസൻസ് - അപാകതകൾ

1. ദിവസേനയുള്ള വിറ്റു വരവിന്റെ അടിസ്ഥാനത്തിലോ യന്ത്രത്തിന്റെ കുതിര ശക്തിയുടെ അടിസ്ഥാനത്തിലോ ആണ് ഡി & ഒ ലൈസൻസ് അപേക്ഷകളിൽ മേൽ ഫീസ് നിശ്ചയിക്കാറുള്ളത്. എന്നാൽ ഭൂരിഭാഗം അപേക്ഷകളും പ്രസ്തുത കോളങ്ങൾ പൂരിപ്പിക്കാതെ ആണ് സമർപ്പിച്ചിട്ടുള്ളത്. ഭാവിയിൽ ലൈസൻസിനായുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

II. വാർഡ് അടിസ്ഥാനത്തിൽ കച്ചവടക്കാരുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

111. താഴെ കൊടുത്തിരിക്കുന്ന കച്ചവടക്കാരിൽ നിന്നും ഡി.&ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | ഡി&ഒ രജിസ്റ്റർ പ്രകാരം ക്രമ നം. | കച്ചവടക്കാരന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ വിറ്റു വരവ്/HP | ഈടാക്കേണ്ടുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | 51/2015-16 | സുന്ദർ സിങ് | 20,000 | 500 | 250 | 250 | റ.നം.99916100020/ 22.04.2015 |
| 2 | 113/2015-16 | കെ.എം. കുഞ്ഞാമു | 5,000 | 100 | 50 | 50 | റ .നം.<br>11503102000 -18.06.2015 |

(1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 7,18 & 19 ).

## 2-8 തൊഴിൽ നികുതി - അപാകത

തൊഴിൽ നികുതി പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I. 2015-16 വർഷത്തേക്ക് ഈടാക്കേണ്ടിയിരുന്ന താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരുടെ നികുതി

അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3)

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം | ആകെ അർദ്ധ വർഷ വരുമാനം | അടവാക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് | രശീത് നം. |
|---|---|---|---|---|---|---|---|
| 1 | പ്രഭാകരൻ കെ. വി, ഓഫീസ് അറ്റന്റന്റ് | ജി.എം.യു. പി.എസ്, പള്ളിക്കര | 1,28,165 (ആദ്യ അർദ്ധ വർഷം) | 1,250 | 1,000 | 250 | 11503104100/ 30.09.2015 |
| 2 | കലാരഞ്ജിനി ഇ, HSST(Jr) കൊമേഴ്സ് | ജി.എച്ച്.എച്ച്. എസ്. പള്ളിക്കര | 90,215 (ആദ്യ അർദ്ധ വർഷം) | 750 | 500 | 250 | 11503103841/ 15.09.2015 |
| 3 | ഇന്ദിര .എ, സെക്രട്ടറി | പള്ളിക്കര കോ ഓപ്പറേറ്റീവ് കൺസ്യൂമർ വെൽഫയർ സൊസൈറ്റി ലിമി. | 72,780 (രണ്ടാം അർദ്ധ വർഷം) | 600 | 450 | 150 | 11503106689/ 11.02.2016 |
| | | | | ആകെ | | 650 | |

കുറവ് വന്ന നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II. ഇസ്ലാമിക് ഇംഗ്ലീഷ് മീഡിയം ഹയർസെക്കന്ററി സ്കൂൾ,പള്ളിക്കര എന്ന സ്ഥാപനം ലഭ്യമാക്കിയ പത്രികയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ ശമ്പളവും ആയത് പ്രകാരം അടവാക്കിയ നികുതിയും വളരെ കുറവാണെന്ന് ഓഡിറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്(ആദ്യ അർദ്ധവർഷത്തിൽ 47 ജീവനക്കാർ, രണ്ടാം അർദ്ധവർഷത്തിൽ 63). HSST അധ്യാപകർക്ക് പോലും 3000 രൂപയിൽ കുറവായാണ് മാസവരുമാനം രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത വിഷയം പുനപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

III. BDO,കാഞ്ഞങ്ങാട് ബ്ലോക്ക് ഓഫീസ് ലഭ്യമാക്കിയ ആദ്യ അർദ്ധവർഷത്തെ പത്രികയിൽ ശ്രീനിവാസൻ.ജി ,VEO(Gr.I) യ്ക്ക് ₹ 1,56,354/-രൂപ അർദ്ധ വർഷ വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിമുക്ത ഭടൻ എന്ന കാരണം കാണിച്ച് മേൽ വ്യക്തിക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്(രശീതി നം.11503104005 തീ. 23.09.2015). വിമുക്ത ഭടൻമാർക്ക് തൊഴിൽ നികുതി ഇളവ് അനുവദിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവുകളോ നിർദേശങ്ങളോ നിലവിലുണ്ടെങ്കിൽ ആയത് ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 23/15.11.2016) ആയത് ഹാജരാക്കിയിട്ടില്ല.

IV. <u>താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പത്രികകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല</u>

| ക്രമ നം | സ്ഥാപനം | തൊഴിൽ നികുതി കാലയളവ് |
|---|---|---|
| 1 | അക്ഷയ സെന്റർ, പള്ളിക്കര | 2015-16 ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 2 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ |

| | | |
|---|---|---|
| | | വർഷം |
| 3 | ബേക്കൽ ബീച്ച് പാർക്ക് | 2015-16 ആദ്യ അർദ്ധ വർഷം |
| 4 | മൂൺ ലൈറ്റ് ഇൻഡസ്ട്രീസ് | 2015-16 ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 5 | ബാദുഷാ മെറ്റൽസ് കാലിയടുക്കം | 2015-16 ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 6 | മൈലാട്ടി വുഡ് ഇൻഡസ്ട്രീസ് | 2015-16 ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 7 | പള്ളിക്കര ടിമ്പർ ഇൻഡസ്ട്രീസ് | 2015-16 ആദ്യ അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

V. താഴെ കൊടുത്തിരിക്കുന്ന കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ഡി&ഒ രജിസ്റ്റർ പ്രകാരം ക്രമ നം. | കച്ചവടക്കാരന്റെ പേരും വിലാസവും | കച്ചവടത്തിന്റെ സ്വഭാവം |
|---|---|---|---|
| 1 | 144/2015-16 | മുഹമ്മദ് കുഞ്ഞി ,<br>s/o അബ്ദുള്ള | സ്റ്റേഷനറി കച്ചവടം |

## 2-9 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്-ലേലം നടത്തിയെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ബേക്കൽ ഷോപ്പിംഗ് കോംപ്ലക്സിലെ 6 മുറികളും, ഒരു ഏണി റൂമും (XIII / 457 A,B,C,D,E,F & F1 ) 2015-16 വർഷത്തേക്ക് വാടകയ്ക്ക് നൽകുന്നതിനായി 29.04.2015 തീയ്യതിയിൽ ഗ്രാമ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് ലേലം നടത്തിയിരുന്നു. ആയതിന്റെ വിശദാംശം താഴെക്കൊടുക്കുന്നു.

| ലേലം കൊണ്ട വ്യക്തി | ലേലം കൊണ്ട മുറി | അടവാക്കിയ തുക | | | കുറിപ്പ് |
|---|---|---|---|---|---|
| | | നിരത ദ്രവ്യം | മൂന്ന് മാസത്തെ മുൻകൂർ വാടക | ആകെ | |
| സി.എച്ച്.മുഹമ്മദ്ഫൈസൽ,<br>പള്ളിക്കുന്ന്,കോട്ടിക്കുളം | XIII / 457 A | 5,000 | 8,700 | 13,700 | രശീതി നം.9917/34<br>തീയതി.29.04.2015 |

| | | | | | |
|---|---|---|---|---|---|
| മുഹമ്മദ് കുഞ്ഞി അബ്ബാസ്,<br>മുഹമ്മദ് വില്ല,ബേക്കൽ | XIII / 457 F | 5,000 | 7,503 | 12,503 | രശീതി നം.9917/35<br>തീയതി.29.04.2015 |
| ടി. ഇബ്രാഹിംS/o മമ്മൂഞ്ഞി<br>ബേക്കൽ തായൽ | XIII / 457 B,C,D,E | 20,000 | 30,150 | 50,150 | രശീതി നം.9917/36<br>തീയതി.29.04.2015 |

ലേല തീയ്യതി ദിവസം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ മേൽ തുകകൾക്ക് ശേഷം 2015-16 വർഷത്തിൽ വാടകയിനത്തിൽ യാതൊരു തുകയും അടവാക്കിയിട്ടില്ല. ലേലം കൊണ്ടവർക്ക് മുറികൾ കൈമാറാനുള്ള നടപടികൾ ഒന്നും പഞ്ചായത്ത് അധികൃതർ സ്വീകരിക്കാത്തതിനാൽ ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് ഫണ്ടിന് നാല്പ ലക്ഷത്തോളം രൂപ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. കടമുറികൾ ലേലം കൊണ്ടശേഷം തുടർ നടപടികൾ സ്വീകരിക്കാത്തവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതും, പഞ്ചായത്തിന് നേരിട്ട നഷ്ടം ഈടാക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മുൻകൂർ യാത്രാ ബത്ത കൈപ്പറ്റിയത് -നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും മുൻകൂർ യാത്രാ ബത്തയിനത്തിൽ 16,000 രൂപ കൈപ്പറ്റിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം ഒന്നിൽ ആർട്ടിക്കിൾ 53(e)യിലെ കുറിപ്പ് പ്രകാരം മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കാത്ത മുൻകൂർ യാത്രാബത്തയിനത്തിൽ കൈപ്പറ്റിയ തുകകൾ പ്രസ്തുത ജീവനക്കാരന്റെ തൊട്ടടുത്ത ശമ്പള ബില്ലിൽ നിന്നും റിക്കവറി ചെയ്യേണ്ടതാണ്. എന്നാൽ നാളിതുവരെ ചുവടെ ചേർത്ത പ്രകാരം കൈപ്പറ്റിയ തുകകൾ ക്രമീകരിച്ച് കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് മുൻകൂർ യാത്രാ ബത്തയിനത്തിൽ കൈപ്പറ്റിയ തുകകൾ അന്തിമ ബിൽ തയ്യാറാക്കി ക്രമീകരിക്കുകയോ, തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്. മുൻകൂർ യാത്രാ ബത്ത കൈപ്പറ്റിയവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പേര് ഉദ്യോഗപ്പേര് | കൈപ്പറ്റിയ തുക | വൗച്ചർ നമ്പർ |
|---|---|---|---|
| 1 | കെ. കുഞ്ഞിരാമൻ, പ്രസിഡന്റ് | 1,000 | 21500092/13-05-15 |
| 2 | കെ.കുഞ്ഞിരാമൻ, പ്രസിഡന്റ് | 1,000 | 21500153/16-06-15 |
| 3 | അജയൻ പനയാൽ, സ്ഥിരംസമിതി ചെയർമാൻ | 1,000 | |
| 4 | ബി.വിജയഭാനു. സെക്രട്ടറി | 1,000 | 21500227/21-07-15 |

| | | | |
|---|---|---|---|
| 5 | ശ്രീകാന്ത് ,ക്ലാർക്ക് | 1,000 | |
| 6 | കെ.കുഞ്ഞിരാമൻ, പ്രസിഡന്റ് | 1,000 | 21500255/03-08-15 |
| 7 | ബാലകൃഷ്ണൻ.എം. സ്ഥിരം സമിതി ചെയർമാൻ | 1,000 | |
| 8 | ബി.വിജയഭാനു. സെക്രട്ടറി | 1,000 | 21500287/21-08-15 |
| 9 | ഇന്ദിര.പി ,പ്രസിഡന്റ് | 1,000 | 21500545/27-11-15 |
| 10 | ഇന്ദിര.പി,പ്രസിഡന്റ് | 1,000 | 21500691/14-01-16 |
| 11 | ബി.വിജയഭാനു, സെക്രട്ടറി | 1,000 | 21500692/14-01-16 |
| 12 | അബ്ദുൾ ലത്തീഫ്, വൈസ് പ്രസിഡന്റ് | 1,000 | 21500709/21-01-16 |
| 13 | ബി.വിജയഭാനു, സെക്രട്ടറി | 1,000 | 21500710/21-01-16 |
| 14 | ഇന്ദിര.പി, പ്രസിഡന്റ് | 1,000 | 21500822/18-02-16 |
| 15 | ബി.വിജയഭാനു, സെക്രട്ടറി | 1,000 | 21500823/18-02-16 |
| 16 | കുഞ്ഞിനാരായണൻ .സി.പി (ജെ.എസ്) | 1,000 | 21500979/28-03-16 |
| | ആകെ | 16,000 | |

## 3-2 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - ലഭ്യമായ ജില്ലാ പഞ്ചായത്ത് വിഹിതം നാളിതുവരെ വിനിയോഗിച്ചിട്ടില്ല

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണ പദ്ധതിയ്ക്കായി എട്ട് ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയാണ് ഓഡിറ്റ് വർഷം ആവിഷ്കരിച്ചിരുന്നത് (പ്രൊ.നം 20/2016). പദ്ധതിപ്രകാരം നാല് ലക്ഷം രൂപ ഗ്രാമ പഞ്ചായത്തും, രണ്ട് ലക്ഷം രൂപ വീതം ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുമാണ് നൽകേണ്ടിയിരുന്നത്. പദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ 3,59,500 രൂപ വികസന ഫണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിയിട്ടുണ്ട്. പദ്ധതിയ്ക്കായി കാസറഗോഡ് ജില്ലാ പഞ്ചായത്തിൽ നിന്നും 8-01-2016 ന് ഗ്രാമ പഞ്ചായത്തിൽ ലഭിച്ച 2,00,000 രൂപ (DD.No.743964/21-12-15) നാളിതുവരെയും വിനിയോഗിക്കാതെ ഗ്രാമ പഞ്ചായത്ത് തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്. നിർവ്വഹണ ഉദ്യോഗസ്ഥയോ, ഗ്രാമ പഞ്ചായത്തധികൃതരോ ഈ തുക വിനിയോഗിക്കുന്നതിനുള്ള നടപടികളൊന്നും തന്നെ നാളിതുവരെയായിട്ടും സ്വീകരിച്ച് കാണുന്നില്ല. കാസറഗോഡ് ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് ഈ തുക വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. സമൂഹത്തിലെ ഏറ്റവും അവശതയനുഭവിക്കുന്ന ജനവിഭാഗത്തിന് അർഹമായ ആനുകൂല്യങ്ങൾ, തുക ലഭ്യമായി പത്ത് മാസം കഴിഞ്ഞിട്ടും വിതരണം ചെയ്യാൻ സാധിക്കാതെ വന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു. കൂടാതെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് തുകകൾ യഥാ

സമയം വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നത് ബിൽ സമ്പ്രദായം സംബന്ധിച്ച G.O.(P)177/2006.fin. dt.12-04-2006 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമാണ്. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-3 എസ്.എസ്.എ വിഹിതം -നൽകിയ തുകയുടെ വിനിയോഗം ഭാഗികം

2015-16 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ, എസ്.എസ്.എ വിഹിതമിനത്തിൽ 16.40 ലക്ഷം രൂപഎസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട് (പ്രൊ.നം100/16). ഇതിൽ 14 ലക്ഷം രൂപ (DD.No.568570/15-02-16) തനത് ഫണ്ട് വിഹിതവും 2.40 ലക്ഷം രൂപ (DD.No.568550/30-12-15) വികസനഫണ്ട് വിഹിതവുമാണ്. എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർ 7-6-2016 ന് ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം ആകെ അടങ്കലായ 46.87 ലക്ഷം രൂപയിൽ നിന്നും 28.76ലക്ഷം രൂപ മാത്രമാണ് പദ്ധതിക്കായി ഗ്രാമ പഞ്ചായത്തിൽ ചെലവഴിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് വിഹിതം 16.40 ലക്ഷം രൂപ ആകെ അടങ്കലിന്റെ 35% കണക്കാക്കി നൽകിയിട്ടുണ്ടെങ്കിലും ആകെ ചെലവഴിച്ചത് 28.76 ലക്ഷം രൂപ മാത്രമായതിനാൽ ഇതിന്റെ 35%കണക്കാക്കിയാൽ 10.06 ലക്ഷം രൂപ മാത്രമേ ഗ്രാമ പഞ്ചായത്ത് വിഹിതത്തിൽ നിന്നും വിനിയോഗിക്കപ്പെട്ടിട്ടുള്ളൂ. ഇക്കാര്യം എസ്.എസ്.എ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക 6.34ലക്ഷം രൂപ അടുത്ത വർഷത്തെ പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തുവാനോ, അല്ലെങ്കിൽ തിരികെ ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുവാനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എസ്.എസ്.എ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിന് വേണ്ടി വകയിരുത്തുന്ന തുക പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നുണ്ടന്ന് ഉറപ്പാക്കുവാൻ ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തെങ്ങ് കൃഷി വികസന പദ്ധതി -അധികം സബ്സിഡി അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ - കൃഷി ഓഫീസർ.

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2015-16 വർഷം കേര കർഷകർക്ക് ജൈവ വളം വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനായി നടപ്പാക്കിയ പ്രൊജക്ടാണ് തെങ്ങ് കൃഷി വികസന പദ്ധതി (പ്രൊജക്ട് നം 3/16). ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ജൈവ വളം വാങ്ങുന്നതിനായി 75% സബ്സിഡിയാണ് അനുവദിച്ചത്. ഗുണഭോക്താക്കൾ ജൈവ വളം വാങ്ങിയതിന്റെ ബില്ല് നിർവ്വഹണോദ്യോഗസ്ഥന് സമർപ്പിക്കുന്നതിന്റെയടിസ്ഥാനത്തിൽ ബിൽ തകയുടെ 75% സബ്സിഡിയായി (പരമാവധി ₹ 2,620/-) പെർമിറ്റ് മുഖേന ജൈവ വളം നൽകിയ സ്ഥാപനത്തിന് അനുവദിക്കുകയാണ് പദ്ധതി പ്രകാരം ചെയ്തത്.

ഈ പദ്ധതി പ്രകാരം 1015 ഗുണഭോക്താക്കൾക്ക് ജൈവ വളം നൽകിയതിന്റെ സബ്സിഡിയായി 17,75,000/-രൂപ (ട്രഷറി ബിൽ നം-1/15-16 തീയതി. 18.01.2016) പനയാൽ സർവീസ് സഹകരണ ബാങ്ക് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ഇതിൽ പെർമിറ്റ് നം 540 തീയതി 30.07.2015 പ്രകാരം അപ്പക്കുഞ്ഞി. ടി, കുട്ടപ്പന്ന എന്നവർക്ക് ₹2,580/- സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ശ്രീ. അപ്പക്കുഞ്ഞി. ടി, എന്നവർ ജൈവ വളം വാങ്ങിയതിന് ധനസഹായം ലഭിക്കുന്നതിനായി ഹാജരാക്കിയ ബിൽ ( നം-2853 തീ. 04.08.2015, പനയാൽ സർവീസ് സഹകരണ ബാങ്ക്) പ്രകാരം ₹ 2,480/- (160 കി.ഗ്രാം ഫിഷ് മീൽ @₹ 14/Kg, 40 കി.ഗ്രാം ഡോളമേറ്റ് @ 6/Kg)യുടെ ജൈവ വളമാണ് വാങ്ങിയത്. മേൽപ്പറഞ്ഞ ഗുണഭോക്താവ് 2,480/-രൂപയുടെ ജൈവ വളം വാങ്ങിയതിന് 75% നിരക്കിൽ അനുവദിക്കാവുന്ന സബ്സിഡി ₹ 1,860/- മാത്രമാണ്. എന്നാൽ ₹ 2,580/- അനുവദിച്ചത് ക്രമ പ്രകാരമല്ല. ഇക്കാര്യം ഓഡിറ്റ് എൻക്വയറി നം.19 തീ: 11.11.2016 പ്രകാരം കൃഷി ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് അധികം നൽകിയ 720/- രൂപ രശീതി നം. 11603103256 തീയതി. 15-11.2016 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

## 3-5 കൃഷി വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ പദ്ധതി -മുഴുവൻ തുകയ്ക്കുള്ള പുസ്തകങ്ങൾ വാങ്ങിയിട്ടില്ല-ചെലവഴിക്കാനവശേഷിക്കുന്ന തുക തിരികെ ഒടുക്കി.

നിർവ്വഹണോദ്യോഗസ്ഥൻ - കൃഷി ഓഫീസർ.

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2015-16 വർഷം നടപ്പാക്കിയ കൃഷി വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ (പ്രൊജക്ട് നം 96/16) എന്ന പദ്ധതിയുടെ നടത്തിപ്പിനായി ചെക്ക് നം 25203തീയതി 23.03.2016 പ്രകാരം ₹1,09,717/- ട്രഷറിയിൽ നിന്നും പിൻവലിച്ചിരുന്നു. പദ്ധതി പ്രകാരം ഈ തുകയിൽ നിന്നും ₹ 67,317/- ഫർണിച്ചറുകൾ വാങ്ങുന്നതിനും ₹ 32,400/- ഒരു പ്രൊജക്ടറ് വാങ്ങുന്നതിനും, ₹ 10,000/- കൃഷിയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വാങ്ങുന്നതിനുമാണ് ചെലവഴിക്കേണ്ടത്. എന്നാൽ പുസ്തകങ്ങൾ വാങ്ങുന്നതിനായി നീക്കിവെച്ച 10,000/-രൂപയിൽ നിന്നും 6,150/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഇക്കാര്യം ഓഡിറ്റ് എൻക്വയറി നം.20 തീ. 14.11.2016 പ്രകാരം കൃഷി ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് പുസ്തകങ്ങൾ വാങ്ങുന്നതിനായി പിൻവലിച്ചതിൽ ചെലവഴിക്കാനവശേഷിക്കുന്ന 3,850/- രൂപ രശീതി നം. 11603103257 തീയതി. 15-11.2016 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

## 3-6 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 19,08,293/- രൂപ താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം / തിയതി | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | പ്രൊ.നം.156/16<br>സമഗ്ര പേവിഷബാധ-തെരുവുനായ പ്രജനന നിയന്ത്രണ പരിപാടി | ഡി.ഡി. നം 568591 തീ. 04.03.2016 | 2,00,000/- | സെക്രട്ടറി,ജില്ലാ പഞ്ചായത്ത് കാസറഗോഡ്. |
| 2 | സെക്രട്ടറി | പ്രൊ.നം.160/16<br>ഐ.സി.ഡി.എസ്. ഓഫീസ് അഡീഷണൽ -ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ. | ഡി.ഡി. നം 568588 തീ. 01.03.2016 | 5,00,000/- | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്<br>കാഞ്ഞങ്ങാട്. |
| 3 | സെക്രട്ടറി | പ്രൊ.നം176/16<br>കോട്ടപ്പാറ കാനം റോഡ്, അരവത്ത് അങ്കൺവാടി തച്ചങ്ങാട് സ്കൂൾ റോഡ് പ്രവൃത്തികൾക്ക് തടസമായിരിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | വൗച്ചർ നം . 21500873,<br>തിയതി- 04.03.2016 | 48,293/- | കെ.എസ്. ഇ.ബി. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | പ്രൊ.നം23/16 IAY ഗ്രാമ പഞ്ചായത്ത് വിഹിതം | ഡി.ഡി. നം 655987 തീ. 14.03.2016 | 8,00,000/- | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞങ്ങാട്. |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | പ്രൊ.നം24/16 IAY അഡീഷണൽ ഷെയർ | ഡി.ഡി. നം 655988 തീ. 14.03.2016 | 3,60,000/- | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞങ്ങാട്. |
| | | | ആകെ | 19,08,293/- | |

## 3-7 അങ്കണവാടി അടിസ്ഥാന സൗകര്യവികസനം -അപര്യാപ്തതകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 39 അങ്കണവാടികളിൽ പലതിലും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, കെട്ടിടം, വൈദ്യുതി എന്നിവ ഏർപ്പെടുത്തുവാൻ അവശേഷിക്കുന്നതായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് നിർവ്വഹണഉദ്യോഗസ്ഥ ലഭ്യമാക്കിയ വിവരങ്ങൾ ഭരണ സമിതിയുടെ അടിയന്തിരശ്രദ്ധയിലേയ്ക്കായി ചുവടെ ചേർക്കുന്നു.

| ക്രമ.നം. | ഇനം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടമില്ലാത്തവ | 14 |
| 2 | കുടിവെള്ള സൗകര്യമില്ലാത്തവ | 17 |
| 3 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 15 |
| 4 | വയറിങ്ങ് കഴിഞ്ഞിട്ടും കണക്ഷൻ ലഭിക്കാത്തവ | 4 |
| 5 | സ്വന്തമായി കെട്ടിടമുള്ളവയിൽ ചുറ്റുമതിൽ ഇല്ലാത്തവ | 6 |

മേൽ സൂചിപ്പിച്ചവയിൽ വയറിങ്ങ് കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്തവയുടെ കാര്യത്തിൽ ആയത് ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും, മറ്റുള്ള അടിസ്ഥാന സൗകര്യങ്ങൾ വരും വർഷങ്ങളിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി അങ്കണവാടികളിൽ അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 പാലിയേറ്റീവ് പരിചരണപദ്ധതി - ഒരു അവലോകനം

2015-16 വർഷത്തിൽ പാലിയേറ്റീവ് പരിചരണപദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 5,61,000/- വകയിരുത്തുകയും ആകെ 4,57,700 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. രോഗികളുടെ ഗൃഹ സന്ദർശനം, മരുന്നുകളും ഉപകരണങ്ങളും,സ്റ്റേഷനറിയും വാങ്ങിക്കൽ, പാലിയേറ്റീവ് കുടുംബ സംഗമം, പ്രതിമാസ യോഗങ്ങൾ, വളണ്ടിയർമാർക്കും സന്നദ്ധ പ്രവർത്തകർക്കും ബോധവൽക്കരണം തുടങ്ങിയവയാണ് പദ്ധതി പ്രവർത്തനങ്ങൾ. ഗ്രാമപഞ്ചായത്തിൽ 2010 മുതലാണ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

സർവ്വെ നടത്തിയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. Followup Home Care Register പ്രകാരം ആകെ 178 രോഗികൾ ഉണ്ട്. 2015-16 മാത്രം 127 രോഗികളെ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . ഈ കാലയളവിൽ 55 രോഗികൾ മരണപ്പെട്ടിട്ടുണ്ട്. രോഗികളുടെ തരംതരിച്ചുള്ള എണ്ണം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| കാൻസർ രോഗികൾ | 68 |
| കിഡ്നി രോഗികൾ | 08 |
| നട്ടെല്ലിന് ക്ഷതംമൂലം അരക്ക് താഴെ തളർന്നവർ | 05 |
| കൊളേസ്ട്രമി രോഗികൾ | 05 |
| പക്ഷാഘാതം | 48 |
| വാർദ്ധക്യം,മറവിരോഗം | 44 |

രോഗികളുടെ പരിചരണത്തിനായി തെരെഞ്ഞെടുക്കപ്പെട്ട 60 പേർക്ക് പരിശീലനം നൽകിയുട്ടുണ്ടങ്കിലും എല്ലാവരുടെയും സേവനം ശരിയാംവണ്ണം പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല.

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഹോം കെയർ നൽകുന്നതിനും രോഗീപരിചരണത്തിനുമുള്ള പിഎംസി യുടെ സഹായം കുറേക്കൂടി മെച്ചപ്പെടുത്തണം. 2015 വരെ ദിവസേന 10 മുതൽ 15 വരെ രോഗികൾക്ക് ഗൃഹ സന്ദർശനം നടത്തി പരിചരണം നൽകിയിരുന്നിടത്ത് ഇപ്പോൾ 8 മുതൽ 10 വരെ ഗൃഹ സന്ദർശനം മാത്രമാണ് നടത്തിവരുന്നത്. പാലിയേറ്റീവ് പരിചരണ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് കൃത്യമായ ഇടവേളകളിൽ അവലോകന കമ്മിറ്റി യോഗം ചേരുന്നുണ്ട്. 2011 മുതൽ ഓഡിറ്റ് വർഷം വരെ രോഗികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു. അതിൽ 2015-16 ൽ മാത്രം നൽകിയ ഉപകരണങ്ങളുടെ എണ്ണം ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു.

| ഉപകരണത്തിന്റെ പേര് | എണ്ണം |
|---|---|
| ബെഡ്പാൻ | 8 |
| വാട്ടർ ബെഡ് | 34 (6) |
| വീൽ ചെയർ | 32 (8) |
| വാക്കർ | 6 (4) |
| വാക്കിങ് സ്റ്റിക്ക് | 7 (3) |

രോഗികളുടെ എണ്ണവുമായി തട്ടിച്ചുനോക്കുമ്പോൾ ലഭ്യമായ ഉപകരണങ്ങൾ വളരെ പരിമിതമാണ്. കൂടുതൽ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടാകണം. സാന്ത്വന പരിചരണ പരിപാടിയിൽ സന്നദ്ധ സംഘടനകളെ കൂടി പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2005 ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിവരുന്നുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കൽ, തൊഴിൽനല്കൽ, വേതന വിതരണം മുതലായ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച സ്ഥിതി വിവരം ചുവടെ കൊടുക്കുന്നു.

1.വരവ് ചെലവ് കണക്കുകൾ

| വർഷം | മുന്നിരിപ്പ് | വരവ് + പലിശ | ആകെ | ചെലവ് | നീക്കിയി | ചെലവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | വരവ് | | രിപ്പ് | % |
| 2015-16 | 0 | 1,69,15,190 | 16,15,190 | 1,69,03,040 | 12,150 | 99.93 |

2.ഭരണ ചെലവ്

| വർഷം | ആകെ ചെലവ് | യഥാർത്ഥ ഭരണചെലവ് | ഭരണചെലവ്( 6%) |
|---|---|---|---|
| 2015-16 | 1,69,03,040 | 6,11,384 | 10,14,182 |

2005-ലെ കേന്ദ്ര തൊഴിലുറപ്പ് നിയമത്തിന്റെ 22(1)(സി) വകുപ്പ് പ്രകാരവും കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 18.03.2009 ന് പുറപ്പെടുവിച്ച സർക്കുലർ നമ്പർ J-11011/18/07,MGNREGS പ്രകാരവും ഭരണപരമായ ചെലവ് മൊത്തം ചെലവിന്റെ 6% ആയി നിജപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത ചെലവു പരിധി പാലിച്ചിട്ടുണ്ട്.

3.വാർഷിക പദ്ധതി /ലേബർ ബഡ്ജറ്റ്

| വർഷം | ലേബർ ബഡ്ജറ്റ് / വാർഷിക പദ്ധതി പ്രകാരം നിർദ്ദേശിച്ച പദ്ധതികൾ | നടപ്പാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 2015-16 | 265 | 305 |

2015-16 വർഷത്തിൽ 90 പ്രവൃത്തികൾ മണ്ണ്ജല സംരക്ഷണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുണ്ട്. കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയ 50 പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല. വാർഷിക പദ്ധതി / ലേബർ ബജറ്റ് പ്രകാരം നിർദ്ദേശിച്ച മണ്ണ്ജല സംരക്ഷണ പ്രവൃത്തികൾ വിവിധ റീച്ചുകളിലായി വ്യത്യസ്ത സീസണുകളിൽ ചെയ്യുതിനാലാണ് പ്രവൃത്തികളുടെ എണ്ണം ലേബർ ബജറ്റ് നിർദ്ദേശിച്ചതിനെക്കാൾ വർദ്ധിച്ചത്.( 265 + 90 - 50 = 305 ). യഥാർത്ഥത്തിൽ 81.13% പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്.

4.തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരങ്ങൾ

| ഇനം | 2015-16 |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെഎണ്ണം | 3,186 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 1,424 |
| തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 1,165 |
| തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 81.81 % |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 69,642 |
| 100 തൊഴിൽ ദിനങ്ങൾ ആവശ്യപ്പെട്ട കുടുംബങ്ങൾ | 285 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 285 |

2015-16 വർഷത്തിൽ തൊഴിൽ ആവശ്യപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ആകെ രജിസ്റ്റർ ചെയ്ത 3186 കുടുംബങ്ങളിൽ 285കുടുംബങ്ങൾക്ക് മാത്രമേ 100 ദിനം തൊഴിൽ നല്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. പരമാവധി കുടുംബങ്ങൾക്ക് നൂറുദിന തൊഴിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

6. പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള 4,078 കുടുംബങ്ങളിൽ 2,571 കുടുംബങ്ങളെ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കാൻ സാധിച്ചിട്ടുള്ളൂ. മുഴുവൻ ബി.പി.എൽ കുടുംബങ്ങളെയും പദ്ധതിയിൽ അംഗങ്ങളാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

7. ത.സ്വ.ഭ.വകുപ്പിന്റെ 16-05-2007 ലെ 23283/ഡിസി 2/2007 നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേക പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം

എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

8. സർക്കുലർ നമ്പർ 71990/ഡിഡി 2/11/ ത.സ്വ.ഭ.വ,തീയ്യതി. 26-03-2012 പ്രകാരം അർഹരായ മുഴുവൻ എസ് സി/ എസ് ടി കുടുംബങ്ങളെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കണം. ഗ്രാമ പഞ്ചായത്തിൽ എല്ലാ എസ് സി/എസ്.ടി കുടുംബങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

9. വരവ് ചെലവ് കണക്കുകൾ പ്രസിദ്ധികരിച്ചിട്ടില്ല.

സ.ഉ. നംബർ/ 12329/ഡി.ഡി.2/2012/ ത.സ്വ.ഭ.വ തീയതി. 09-04-2012 ഉത്തരവിൽ നിർദ്ദേശിച്ച വിധം ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് കണക്കുകൾ വർഷത്തിൽ രണ്ടു തവണ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണ്. ആയത് പ്രസിദ്ധികരിച്ചിട്ടില്ല.

10. വി.ഇ.ഒ. സൈറ്റ് പൂർണമായും സന്ദർശിക്കുന്നില്ല.

03.02.2008 ലെ 27809/MGNREGS CELL/2007/CRD നമ്പർ സർക്കുലർ പ്രകാരം വി.ഇ.ഒ 100% സൈറ്റും നിർബന്ധമായും സന്ദർശിക്കണമെന്നിരിക്കെ, ആയത് പാലിക്കുന്നില്ല എന്ന് ഫയൽ പരിശോധനയിൽ കാണുന്നു. ഉദാഹരണങ്ങൾ ചുവടെ.

(I)ബേക്കൽ WS- കുന്നിച്ചി SC/ST/IAY ചെറുകിട നാമമാത്ര കർഷകരുടെ പറമ്പിൽ മണ്ണ്ജല സംരക്ഷണം. പ്രോജക്ട് നമ്പർ-110, അടങ്കൽ- 51480 രൂപ

(ii)ആലക്കോട് WS- കുന്നിച്ചി SC/ST/IAY ചെറുകിട നാമമാത്ര കർഷകരുടെ പറമ്പിൽ മണ്ണ്ജല സംരക്ഷണം. പ്രോജക്ട് നമ്പർ-190, അടങ്കൽ- 41,184 രൂപ

സർക്കുലർ നിർദ്ദേശം പാലിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.
തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 2,12,235 | അങ്കൺവാടി പോഷകാഹാരം-കേന്ദ്രാവിഷ്കൃത ഫണ്ട്. | 2,12,235 | 0 |
| | 2015-16 | 2,00,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 0 | 2,00,000* |
| | 2015-16 | 1,12,500 | നെൽ കൃഷി ധന സഹായം | 1,12,500 | 0 |
| കാസറഗോഡ് ജില്ലാ പഞ്ചായത്ത് | 2015-16 | 2,00,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 0 | 2,00,000 |

| | | | | | |
|---|---|---|---|---|---|
| | 2015-16 | 1,87,500 | നെൽ കൃഷി ധന സഹായം | 0 | 1,87,500* |

* തുക 2016-17 വർഷം തിരിച്ചടച്ചു.

വിവിധപദ്ധതികൾക്കായി മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിന്നും ലഭിച്ച് ചെലവഴിക്കുവാനവശേഷിക്കുന്ന തുക വിനിയോഗിക്കുവാൻ സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | പ്രൊ.നം176/16 കോട്ടപ്പാറ കാനം റോഡ്, അരവത്ത് അങ്കൺവാടി തച്ചങ്ങാട് സ്കൂൾ റോഡ് പ്രവൃത്തികൾക്ക് തടസമായിരിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21500873 തീ. 04.03.2016 | 48,293/- | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. | 48,293/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവന പദ്ധതി | G.O. (MS) നം.207/09 തസ്വഭവ തി. 07-11-2009 | 50,02,500 | 9,00,000 | 9,00,000 | - | ലോൺ ക്ലോസ് ചെയ്തു. |
| 2 | പള്ളിക്കര ഗ്രാമ പഞ്ചായത്ത് ഇ.എം.എസ് ഭവന പദ്ധതി(ജനറൽ) | സർക്കാർ കത്ത് നം.11598/ ഡി.ബി.ഐ/15/ തസ്വഭവ തി. 29.07.2015 | 85,00,000* | 0 | 0 | 0 | 85,00,000* |

*31.03.2016 വരെയുള്ള തുക.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 പ്രവർത്തനാവലോകന റിപ്പോർട്ട് | - | 2014-15 | 4-1-4 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്ഥികൾ (ഖരമാലിന്യ സംസ്കരണ പ്ലാന്റ് & ലോറി ) | മറുപടി ലഭ്യമാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,53,61,677 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,79,80,609 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ 9,28,462 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | ₹9,23,747 | - | ബി.വിജയഭാനു, സെക്രട്ടറി |
| 2-2(2) | ₹4715 | - | ബി.വിജയഭാനു, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബി.വിജയഭാനു സെക്രട്ടറി | സെക്രട്ടറി, പള്ളിക്കര ഗ്രാമ പഞ്ചായത്ത് | ശ്രേയസ്സ്, അജാനൂർ, കാഞ്ഞങ്ങാട് പിൻ.671516 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1974-75 | എൽ.എഫ്.കെ.എസ്.ഡി.5/539/03(7) തിയ്യതി.14.08.03 | 1 |
| 1980-81 | എൽ.എഫ്.കെ.എസ്.ഡി.5/539/03(9) തിയ്യതി.16.08.03 | 3 |
| 1981-82 | എൽ.എഫ്.കെ.എസ്.ഡി.8/1958/86, തിയ്യതി.30.03.03 | 2 |
| 1983-84 | എൽ.എഫ്.കെഎസ്.ഡി.5/539/03(10) തിയ്യതി.16.08.03 | 5 |
| 1985-86 | എൽ.എഫ്.കെഎസ്.ഡി.5/539/03(12) തിയ്യതി.16.08.03 | 6 |
| 1987-88 1988-89 | എൽ.എഫ്.കെഎസ്.ഡി.5/539/03(13) തിയ്യതി.16.08.03 | 4 |
| 1989-90 1990-91 | എൽ.എഫ്.കെഎസ്.ഡി.5/539/03(14) തിയ്യതി.16.08.03 | 3 |
| 1991-92to 1994-95 | എൽ.എഫ്.കെ.എസ്.ഡി.5/211/00, തിയ്യതി.26.02.03 | 7 |
| 1995-96 | എൽ.എഫ്.കെ.എസ്.ഡി.5/691/00, തിയ്യതി.26.02.03 | 10 |
| 1996-97 | എൽ.എഫ്.കെഎസ്.ഡി.5/539/03(15) തിയ്യതി.16.08.03 | 3 |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.കെഎസ്.ഡി.5/539/03(16) തിയ്യതി.16.08.03 | 7 |
| 1998-99 | എൽ.എഫ്.കെഎസ്.ഡി.5/539/03(17) തിയ്യതി.16.08.03 | 9 |
| 1999-00 | എൽ.എഫ്.കെ.എസ്.ഡി.5/75/01, തിയ്യതി.09.01.01 | 15 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി.5/599/01, തിയ്യതി.25.03.03 | 18 |
| 2001-02 (plan) | എൽ.എഫ്.കെ.എസ്.ഡി.4/759/03, തിയ്യതി.15.11.04 | 4 |
| 2001-02 (final) | എൽ.എഫ്.കെ.എസ്.ഡി.4/129/05, തിയ്യതി.05.06.07 | 6 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.3/20/07, തിയ്യതി.30.05.09 | 26 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.4/111/08, തിയ്യതി.02.12.10 | 7 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.6/599/11, തിയ്യതി.18.08.11 | 6 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.3/113/08, തിയ്യതി.12.12.08 | 13 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.3/803/08, തിയ്യതി.22.8.09/14.3.11 | 6 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.3/326/10, തിയ്യതി.23.12.10/03.05.11 | 8 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി.3/327/10, തിയ്യതി.03.05.11 | 11 |
| 2009-10 2010-11 | എൽ.എഫ്.കെ.എസ്.ഡി.3/327/10, തിയ്യതി.23.04.13 | 13 |
| 2011-12 2012-13 | എൽ.എഫ്.കെ.എസ്.ഡി.9/1048/14, തിയ്യതി.06.05.15 | 10 |
| 2013-14 | എൽ.എഫ്.കെ.എസ്.ഡി.9/867/15, തിയ്യതി.11.11.15 | 18 |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി.8/720/16, തിയ്യതി.18.07.16 | 22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി

ഡയറക്ടർ

സംസ്ഥാന ഓഡിറ്റ്

വകുപ്പ്.

## അനുബന്ധം -1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി /8 /1234/ 2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്
E-mail:- doksd.ksad@kerala.gov.in
തീയതി. 13-12-2016

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

No. KSA-KSD/8/ 1234/2016

Kerala State Audit Department,
District Audit Office,Kasaragod – 671 123
E-mail:- doksd.ksad@kerala.gov.in
Dated:13-12-2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Pallikkare Grama Panchayat in Kasaragod District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pallikkare Grama Panchayat for the year 2015-16, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director,
Kerala State Audit Department,
District Audit Office, Kasaragod.